# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.03.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. **മൗറീഷ്യസിന്റെ പരമോന്നത സിവിലിയൻ ബഹുമതി ലഭിക്കുന്ന ആദ്യ ഇന്ത്യക്കാരനായി പ്രധാനമന്ത്രി നരേന്ദ്ര മോദി; വികസനത്തിനും, സമാധാനത്തിനും സുരക്ഷയ്ക്കും വേണ്ടി ഇന്ത്യയും മൗറീഷ്യസും ഒരുമിച്ച് പ്രവർത്തിക്കുമെന്ന് പ്രധാനമന്ത്രി.**

   **Prime Minister Narendra Modi becomes the first Indian to receive highest civilian honor of Mauritius; PM affirms India and Mauritius will work together for development, peace, and security.**

2. **രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന്, ചണ്ഡീഗഢിലെ പഞ്ചാബ് സർവകലാശാലയുടെ 72 -ാമത് ബിരുദദാന ചടങ്ങിൽ മുഖ്യാതിഥിയാകും.**

   **President Droupadi Murmu to be the Chief Guest at the 72 nd Convocation Ceremony of Punjab University in Chandigarh today.**

3. **ആഗോള വ്യാപാര സംഘർഷങ്ങൾക്കിടയിലും, സാമ്പത്തിക വളർച്ചയിൽ ഏഷ്യയിൽ ഏറ്റവും മികച്ച സ്ഥാനത്ത് ഇന്ത്യയെന്ന് മോർഗൻ സ്റ്റാൻലി റിപ്പോർട്ട്.**

   **India is best-positioned in Asia for economic growth, despite global trade tensions, says a Morgan Stanley report.**

4. വയനാട് ദുരന്ത ബാധിതർക്കായി സംസ്ഥാന സർക്കാർ നിർമിക്കുന്ന ടൗൺഷിപ്പിന്റെ തറക്കല്ലിടൽ മുഖ്യമന്ത്രി പിണറായി വിജയൻ ഈ മാസം 27 ന് നിർവഹിക്കും.

**Chief Minister Pinarayi Vijayan to lay the foundation stone for the township being built by the state government for Wayanad disaster victims on the 27th of this month.**

5. ശ്രീനാരായണഗുരുവും മഹാത്മാഗാന്ധിയും ശിവഗിരിയിൽ കൂടിക്കാഴ്ച നടത്തിയതിന്റെ സ്മരണയ്ക്ക് ഇന്ന് നൂറുവയസ്.

**Today marks the centenary of the meeting between Sree Narayana Guru and Mahatma Gandhi at Shivagiri.**

6. പാകിസ്ഥാനിലെ ബലൂചിസ്ഥാനിൽ സായുധ തീവ്രവാദികൾ ട്രെയിൻ റാഞ്ചി; നൂറോളം യാത്രക്കാരെ സുരക്ഷാസേന രക്ഷപെടുത്തിയതായി റിപ്പോർട്ട്.

**Pakistan Separatists Hijack Train in Balochistan, Security Forces Rescue Around 100 Passengers.**

✡✡✡✡✡✡✡✡✡✡✡✡ ✡✡✡✡✡✡✡✡✡✡✡✡

## PM- MAURITIUS (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് മൗറീഷ്യസിന്റെ പരമോന്നത സിവിലിയൻ ബഹുമതി പ്രഖ്യാപിച്ച് മൗറീഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലം. ഇതോടെ ഗ്രാൻഡ് കമാൻഡർ ഓഫ് ദി ഓർഡർ ഓഫ് ദി സ്റ്റാർ, കീ ഓഫ് ദി ഇന്ത്യൻ ഓഷ്യൻ എന്നീ ബഹുമതികൾ ലഭിക്കുന്ന ആദ്യ ഇന്ത്യക്കാരനായി ശ്രീ മോദി മാറി.

( വോയിസ്.... )

രണ്ടു ദിവസത്തെ സന്ദർശനത്തിന്റെ ഭാഗമായി പ്രധാനമന്ത്രി ഇന്ന് മൗറീഷ്യസിന്റെ ദേശീയ ദിനാഘോഷങ്ങളിൽ വിശിഷ്ടാതിഥിയായി പങ്കെടുക്കും. ഇന്നലെ മൗറീഷ്യസ് പ്രധാനമന്ത്രിയുമായി നടന്ന ഉഭയകക്ഷി കൂടിക്കാഴ്ചയിൽ പ്രതിരോധം, സുരക്ഷ, സാമ്പത്തികം, സാംസ്കാരിക വിനിമയങ്ങൾ എന്നിവ ചർച്ചയായി. ഇന്ത്യ-മൗറീഷ്യസ് ബന്ധത്തിന് പരിധികളില്ലെന്നും വികസനത്തിനും, സമാധാനത്തിനും

സുരക്ഷയ്ക്കും വേണ്ടി ഇന്ത്യയും മൗറീഷ്യസും ഒരുമിച്ച് പ്രവർത്തിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. പോർട്ട് ലൂയിസിൽ മൗറീഷ്യസിലെ ഇന്ത്യൻ സമൂഹത്തെയും ശ്രീ മോദി അഭിസംബോധന ചെയ്തു. മൗറീഷ്യസിലുള്ള ഇന്ത്യൻ വംശജരുടെ ഏഴാം തലമുറയിലുള്ളവർക്ക് ഓവർസീസ് സിറ്റിസൺഷിപ്പ് ഓഫ് ഇന്ത്യ കാർഡുകൾ നൽകുമെന്ന് പ്രധാനമന്ത്രി പ്രഖ്യാപിച്ചു. മൗറീഷ്യസ് പ്രധാനമന്ത്രി നവീൻ രാംഗൂലത്തിനും ഭാര്യ വീണ രാംഗൂലത്തിനും ഒ.സി.ഐ കാർഡുകൾ നൽകുന്നതായും അദ്ദേഹം അറിയിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡ ✡✡✡✡✡✡✡✡✡✡✡✡✡

## PRESIDENT-AIIMS PUNJAB

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന്, ചണ്ഡീഗഡിലെ പഞ്ചാബ് സർവകലാശാലയുടെ 72 -ാമത് ബിരുദദാന ചടങ്ങിൽ മുഖ്യാതിഥിയാകും. പഞ്ചാബ് സർക്കാർ മൊഹാലിയിൽ സംഘടിപ്പിച്ച പൗര സ്വീകരണത്തിൽ രാഷ്ട്രപതി ഇന്നലെ പങ്കെടുത്തു. ഹരിത വിപ്ലവം വിജയകരമാക്കി രാജ്യത്തിന് ഭക്ഷ്യസുരക്ഷ ഉറപ്പാക്കിയവരാണ് പഞ്ചാബിലെ കർഷകരെന്ന് ശ്രീമതി മുർമു പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡ ✡✡✡✡✡✡✡✡✡✡✡✡✡

## EMIGRATION

ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ, 2025 ഇന്നലെ ലോക്സഭയിൽ അവതരിപ്പിച്ചു. ഇമിഗ്രേഷൻ നിയമങ്ങൾ നവീകരിക്കുന്നത് ലക്ഷ്യമിട്ടുള്ള ബില്ലിൽ പാസ്പോർട്ടുകൾ, യാത്രാ രേഖകൾ, വിസ, രജിസ്ട്രേഷൻ എന്നിവയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് ചില അധികാരങ്ങൾ നൽകുന്നതിനുള്ള വ്യവസ്ഥകളും ഉൾപ്പെടുന്നു. നിലവിലെ ആവശ്യങ്ങൾ മുൻനിർത്തിയാണ് നിയമനിർമ്മാണം നടത്തുന്നതെന്ന് ബിൽ അവതരിപ്പിച്ച ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ് പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡ ✡✡✡✡✡✡✡✡✡✡✡✡✡

## RS-CANCER

അടുത്ത മൂന്ന് വർഷത്തിനുള്ളിൽ രാജ്യത്തെ എല്ലാ ജില്ലകളിലും ഡേ കെയർ കാൻസർ സെൻററുകൾ തുറക്കുമെന്ന് കേന്ദ്ര സർക്കാർ. ആയുഷ്മാൻ ഭാരത്-പിഎം ജൻ ആരോഗ്യ യോജന നടപ്പിലാക്കുന്നതോടെ, സ്ക്രീനിംഗ് കഴിഞ്ഞ് 30 ദിവസത്തിനുള്ളിൽ കാൻസർ രോഗികൾക്ക് ചികിത്സ ആരംഭിക്കുമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നഡ്ഡ രാജ്യസഭയിൽ പറഞ്ഞു. ആശാ പ്രവർത്തകർക്കുള്ള ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം കേന്ദ്ര സർക്കാർ പരിഗണിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

## PRADHAN-DMK

PM-SHRI സ്കൂളുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഡി.എം.കെ പാർലമെന്റിൽ നുണ പ്രചാരണം നടത്തുകയാണെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ. തമിഴ്നാട് വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള സമ്മതപത്രവും ശ്രീ.പ്രധാൻ സമൂഹ മാധ്യമത്തിൽ പങ്കുവച്ചു. ദേശീയ വിദ്യാഭ്യാസ നയത്തിൽ ഡി.എം.കെ യുടെ നിലപാട് മാറ്റിയതായി ആരോപിച്ച കേന്ദ്രമന്ത്രി തമിഴ്നാട്ടിലെ കുട്ടികളുടെ ഭാവിക്ക് മുൻഗണന നൽകണമെന്ന് മുഖ്യമന്ത്രി സ്റ്റാലിനോട് ആവശ്യപ്പെട്ടു.

## WAVES SYMPHONY CHALLENGE

WAVES ഉച്ചകോടിയുടെ ഭാഗമായി നടക്കുന്ന സിംഫണി ഓഫ് ഇന്ത്യ ചലഞ്ചിനായി രജിസ്റ്റർ ചെയ്ത 212 സംഗീതജ്ഞരിൽ നിന്ന് 80 ക്ലാസിക്കൽ, നാടോടി സംഗീതജ്ഞരെ തിരഞ്ഞെടുത്തു. വൈവിധ്യമാർന്ന സംഗീത ലോകം പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുകയും സംഗീതപ്രേമികളുടെ അഭിരുചികൾ പങ്കുവയ്ക്കുകയുമാണ് പരിപാടിയുടെ ലക്ഷ്യം. മെയ് 1 മുതൽ 4 വരെയാണ് WAVES ഉച്ചകോടിയുടെ ആദ്യ പതിപ്പ് നടക്കുക.

## MORGAN STANLEY

ആഗോള വ്യാപാര സംഘർഷങ്ങൾക്കിടയിലും, ഏഷ്യയിൽ മികച്ച സാമ്പത്തിക വളർച്ച കൈവരിക്കുന്ന രാജ്യമാണ് ഇന്ത്യയെന്ന് മോർഗൻ സ്റ്റാൻലി റിപ്പോർട്ട്. ശക്തമായ സേവന കയറ്റുമതി, ചരക്ക് കയറ്റുമതിയിലുള്ള കുറഞ്ഞ ആശ്രയത്വം, സർക്കാർ നയങ്ങൾ എന്നിവയാണ് മേഖലയിലെ മറ്റ് സമ്പദ്‌വ്യവസ്ഥകളെ മറികടക്കാൻ ഇന്ത്യയെ സഹായിക്കുന്ന പ്രധാന ഘടകങ്ങൾ. ആഗോള അനിശ്ചിതത്വങ്ങൾക്കിടയിലും ഇന്ത്യയുടെ സേവന കയറ്റുമതി കൂടുതൽ സ്ഥിരതയുള്ള വളർച്ച കൈവരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## PAK-TRAIN HIJACK

പാകിസ്ഥാനിലെ ബലൂചിസ്ഥാനിൽ ഇന്നലെ സായുധ സംഘടനയായ ബലൂച് ലിബറേഷൻ ആർമി അഞ്ഞൂറോളം യാത്രക്കാരുമായി പോയ ട്രെയിൻ റാഞ്ചി. പെഷവാറിലേക്ക് പോവുകയായിരുന്ന ജാഫർ എക്സ്പ്രസാണ് റാഞ്ചിയത്. സുരക്ഷാ ഉദ്യോഗസ്ഥർ ഉൾപ്പെടെ 214 പേരെ ബന്ദികളാക്കിയിരുന്നു. ഏറ്റുമുട്ടലിൽ 30 ലധികം സൈനികർ കൊല്ലപ്പെട്ടതായി ബിഎൽഎ അവകാശപ്പെട്ടു. അതേസമയം, പാക്കിസ്ഥാൻ സുരക്ഷാ സേന 13 തീവ്രവാദികളെ വധിച്ച് നൂറോളം യാത്രക്കാരെ രക്ഷപെടുത്തിയതായാണ് റിപ്പോർട്ട്. രക്ഷാദൗത്യം പുരോഗമിക്കുകയാണ്.

## SREE NARAYANA GURU - GANDHI

ശ്രീനാരായണഗുരുവും മഹാത്മാഗാന്ധിയും ശിവഗിരിയിൽ കൂടിക്കാഴ്ച നടത്തിയതിന്റെ സ്മരണയ്ക്ക് ഇന്ന് നൂറുവയസ്. 1925 മാർച്ച് 12 നാണ് മഹാത്മാഗാന്ധി ശിവഗിരി സന്ദർശിച്ച് ശ്രീനാരായണ ഗുരുവുമായി സംഭാഷണം നടത്തിയത്. അയിത്തോച്ചാടനം, സഞ്ചാര

സ്വാതന്ത്ര്യം, ക്ഷേത്രപ്രവേശനം തുടങ്ങിയ വിഷയങ്ങൾ ഇരുവരും ചർച്ച ചെയ്യു. കൂടിക്കാഴ്ച നടന്ന വനജാക്ഷി മന്ദിരത്തിൽ നിന്ന് ശിവഗിരിയിലേക്ക് ഏകലോക സങ്കൽപ്പ സന്ദേശ യാത്ര നടത്തും. ശതാബ്ദി സമ്മേളനം മഹാത്മാഗാന്ധിയുടെ പ്രപൗത്രൻ തുഷാർ ഗാന്ധി ഉദ്ഘാടനം ചെയ്യും.

✡✡✡✡✡✡✡✡✡✡✡✡ ✡✡✡✡✡✡✡✡✡✡✡✡

## ATTUKAL PONKALA

ആറ്റുകാൽ പൊങ്കാലക്ക് ഒരുങ്ങി തിരുവനന്തപുരം. ഇന്ന് ഉച്ച മുതൽ പൊങ്കാല ദിവസമായ നാളെ രാത്രി 8 മണി വരെ നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. ഭക്തർക്കായി കെ.എസ്.ആർ.ടി.സിയും, റെയിൽവേയും പ്രത്യേക സർവീസുകളും നടത്തും. പൊങ്കാലയുടെ ഒരുക്കങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ വിലയിരുത്തി. പൊങ്കാലയിടാൻ വരുന്നവർക്കും പ്രദേശവാസികൾക്കും ബുദ്ധിമുട്ടുകളില്ലാതെ മാതൃകാപരമായ സൗകര്യങ്ങളൊരുക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡ ✡✡✡✡✡✡✡✡✡✡✡✡

## MAKAM THOZHAL

ചോറ്റാനിക്കര ദേവി ക്ഷേത്രത്തിലെ മകം തൊഴൽ ഇന്ന്. ഉച്ചയ്ക്ക് രണ്ടു മണി മുതൽ രാത്രി 9 മണി വരെയാണ് മകം തൊഴൽ. സുരക്ഷക്കായി ആയിരത്തോളം പോലീസ് ഉദ്യോഗസ്ഥരെ ക്ഷേത്ര പരിസരത്ത് വിന്യസിച്ചിട്ടുണ്ട്. 80 ഓളം സർവൈലൻസ് ക്യാമറകളും സജ്ജമാക്കിയിട്ടുണ്ട്.

✡✡✡✡✡✡✡✡✡✡✡✡ ✡✡✡✡✡✡✡✡✡✡✡✡

## ASSEMBLY

വയനാട് പുനരധിവാസം സംബന്ധിച്ച ഉപക്ഷേപത്തിന് അനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് കേരള നിയമസഭയിൽ ഇന്നലെ പ്രതിപക്ഷ വാക്ക്ഔട്ട്. പുനരധിവാസത്തിൽ സർക്കാർ ആദ്യം കാണിച്ച ആവേശം ഇപ്പോഴില്ലെന്ന് പ്രതിപക്ഷം ആരോപിച്ചു.

അതേസമയം വയനാട് പുനരധിവാസ പ്രവർത്തനങ്ങളിൽ കാലതാമസം ഉണ്ടായിട്ടില്ലെന്ന് റവന്യു മന്ത്രി കെ.രാജൻ മറുപടി നൽകി. ദുരന്ത ബാധിതർക്കുള്ള ടൗൺഷിപ്പിന്റെ തറക്കല്ലിടൽ ഈ മാസം 27 ന് നടക്കുമെന്നും മന്ത്രി അറിയിച്ചു.

✡✡✡✡✡✡✡✡✡✡✡✡ ✡✡✡✡✡✡✡✡✡✡✡✡

## WAYANAD – CM (INTRO)

മുണ്ടക്കൈ-ചൂരൽമല ദുരന്ത ബാധിതർക്കായി - സർക്കാർ നിർമിക്കുന്ന ടൗൺഷിപ്പിന് ഈ മാസം 27 ന് മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിടും. ഇന്നലെ 8 പേർ കൂടി ജില്ലാ കളക്ടറെ നേരിൽ കണ്ട് വീടിനായി സമ്മതപത്രം നൽകി.

വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി **അരുൺ വിൻസെൻറ്........**

(വോയിസ്)

✡✡✡✡✡✡✡✡✡✡✡✡ ✡✡✡✡✡✡✡✡✡✡✡✡

## KERALA CM GOVERNOR

മുഖ്യമന്ത്രി പിണറായി വിജയനുമായും കേരളത്തിൽ നിന്നുള്ള എംപിമാരുമായും ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ന്യൂഡൽഹി കേരളഹൗസിൽ കൂടിക്കാഴ്ച നടത്തി. കേരളത്തിൻ്റെ പ്രശ്നങ്ങൾ കേന്ദ്രത്തിൽ അവതരിപ്പിക്കാൻ മുഖ്യമന്ത്രിക്ക് ഒപ്പമുണ്ടെന്ന് ഗവർണർ പറഞ്ഞു. ഗവർണറുടെ പിന്തുണയിൽ മുഖ്യമന്ത്രി നന്ദി അറിയിച്ചു.

✡✡✡✡✡✡✡✡✡✡✡✡ ✡✡✡✡✡✡✡✡✡✡✡✡

## PARA ATHLETICS

ന്യൂഡൽഹിയിൽ നടക്കുന്ന ലോക പാരാ ഗ്രാൻഡ് പ്രീ അത്‌ലറ്റിക്സിന്റെ ഉദ്ഘാടന ദിനമായ ഇന്നലെ മികച്ച

പ്രകടനവുമായി ഇന്ത്യ. പുരുഷ വിഭാഗം ഡിസ്കസ് ത്രോ എഫ് -11 ഇനത്തിൽ 34.84 മീറ്റർ എറിഞ്ഞ് സാഗർ സ്വർണ മെഡൽ നേടി.

✡✡✡✡✡✡✡✡✡✡✡✡ ✡✡✡✡✡✡✡✡✡✡✡✡

## KHELO INDIA GAMES

ജമ്മു കശ്മീരിലെ ഗുൽമാർഗിൽ നടക്കുന്ന ഖേലോ ഇന്ത്യ വിന്റർ ഗെയിംസ് 2025 ന്റെ രണ്ടാം ഘട്ടത്തിന് ഇന്ന് സമാപനം. ജനുവരി 23 മുതൽ 27 വരെ ഐസ് ഹോക്കി, ഐസ് സ്കേറ്റിങ് മുതലായ ഗെയിംസിന്റെ ആദ്യ പാദ മത്സരങ്ങൾ ലഡാക്കിൽ നടന്നിരുന്നു. സമാപന ചടങ്ങിൽ കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ പങ്കെടുക്കും.

✡✡✡✡✡✡✡✡✡✡✡✡ ✡✡✡✡✡✡✡✡✡✡✡✡

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡
✡✡✡✡